# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 186**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

സഭയുടെ ദൗത്യനിർവ്വഹണം കാര്യക്ഷമമായി തുടരുന്നതിന് സഹായകമായ തീരുമാനങ്ങൾ എടുക്കുന്ന വേദിയാണല്ലോ നമ്മുടെ സഭാ പ്രതിനിധി മണ്ഡലം. ഈ വർഷത്തെ മണ്ഡല യോഗം 2026 ആഗസ്റ്റ് 27, 28, 29 (വ്യാഴം, വെള്ളി, ശനി) എന്നീ ദിവസങ്ങളിൽ നടത്തുന്നതാണെന്നുള്ള വിവരം സഭാതാരകയിൽ കൂടി അറിയിച്ചിരുന്നുവല്ലോ. തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്ന പ്രസ്തുത പ്രതിനിധി മണ്ഡലത്തിന്റെ നിയമാനുസൃതമായ നോട്ടീസ്, അഡ്മിഷൻ ടിക്കറ്റ് മുതലായവ മണ്ഡലാംഗങ്ങൾക്ക് സഭാ സെക്രട്ടറി അയച്ചു തരുന്നതാണ്.

ഭദ്രാസനങ്ങളിൽ കൂടെയും പോസ്റ്റൽ ബാലറ്റ് മുഖാന്തരവും നടത്തപ്പെടുന്ന തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങൾ ചുവടെ ചേർക്കുന്നു.

## പൊതു നിർദ്ദേശങ്ങൾ

1. തെരഞ്ഞെടുപ്പ് അതിഗൗരവമായ ചുമതലയും ശ്രദ്ധയോടെ ചെയ്യേണ്ടതുമാകയാൽ മണ്ഡലാംഗങ്ങൾ പ്രാർത്ഥനാപൂർവ്വം ആ കർത്തവ്യം നിറവേറ്റേണ്ടതാണ്.
2. തെരഞ്ഞെടുക്കപ്പെടുന്നവർ ദൈവഭക്തിയും ഉത്തമസ്വഭാവമുള്ളവരും, സഭയുടെ ദൗത്യത്തിൽ പങ്കാളികളാകുവാൻ സന്നദ്ധതയുള്ളവരും, ആയതിന് സമയം കണ്ടെത്തുവാൻ കഴിയുന്നവരും ആയിരിക്കണം.
3. 2026 ജൂൺ 1–ാം തീയതി തിങ്കളാഴ്ച 5.00 പി. എം. വരെ ലഭിക്കുന്ന മണ്ഡലാംഗങ്ങളുടെ പേരു വിവരം ചേർത്ത് 2026 ജൂൺ 8–ാം തീയതി തിങ്കളാഴ്ച 5.00 പി. എം–ന് എല്ലാ ഭദ്രാസനങ്ങളുടെയും വോട്ടർ പട്ടിക സഭാ ഓഫീസിലും, ഭദ്രാസന അടിസ്ഥാനത്തിലുള്ള വോട്ടർ പട്ടിക അതതു ഭദ്രാസന ആസ്ഥാനങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്.
4. ഈ ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം 2026 ജൂൺ 11–ാം തീയതി വ്യാഴാഴ്ച 5.00 പി.എം.–ന് മുമ്പായി അതത് ഭദ്രാസന അദ്ധ്യക്ഷനിലൂടെ മെത്രാപ്പോലീത്തായെ രേഖാമൂലം അറിയിക്കണം. മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കും.
5. ആക്ഷേപ നടപടികൾക്കു ശേഷം എല്ലാ ഭദ്രാസനങ്ങളുടെയും അന്തിമ വോട്ടർപട്ടിക സഭാ ഓഫീസിലും, സഭാ വെബ്സൈറ്റിലും, ഭദ്രാസന അടിസ്ഥാനത്തിലുള്ള അന്തിമ വോട്ടർപട്ടിക അതത് ഭദ്രാസന ആസ്ഥാനങ്ങളിലും 2026 ജൂൺ 15–ാം തീയതി തിങ്കളാഴ്ച 5.00. പി.എം.–ന് പ്രസിദ്ധീകരിക്കുന്നതാണ്.
6. സഭ/ഭദ്രാസന ഓഫീസുകളിൽ നിന്നും വോട്ടർ പട്ടികയുടെ കോപ്പികൾ വിലയ്ക്കു വാങ്ങാവുന്നതാണ്.
7. നാമനിർദ്ദേശ പത്രികയിൽ സ്ഥാനാർത്ഥികളുടെ പേരും, നിർദ്ദേശകരുടെയും അനുവാദകരുടെയും പേരുകളും, രജിസ്റ്റർ നമ്പരുകളും, ഇടവകകളും, വോട്ടേഴ്സ് ലിസ്റ്റിലെപ്പോലെ തന്നെ ആയിരിക്കേണ്ടതാണ്.
8. സമർപ്പിക്കേണ്ട നാമനിർദ്ദേശ പത്രികയുടെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.
9. തെരഞ്ഞെടുക്കപ്പെടേണ്ട ആകെ അംഗങ്ങളുടെ എണ്ണത്തിൽ കൂടുതൽ നിർദ്ദേശിതർ ഇല്ലാതെയിരുന്നാൽ സഭാ ഭരണഘടന വകുപ്പ് 164(4)-ന് വിധേയമായി നിർദ്ദേശിക്കപ്പെട്ട സ്ഥാനികൾ തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കുന്നതാണ്.
10. തെരഞ്ഞെടുക്കപ്പെടേണ്ടതിലധികം നിർദ്ദേശിതർ ഉണ്ടെങ്കിൽ എല്ലാവരുടെയും പേരുകൾ മലയാളത്തിലും ഇംഗ്ലീഷിലും ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ ബാലറ്റ് പേപ്പറിൽ അച്ചടിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

## പൊതു തെരഞ്ഞെടുപ്പുകൾ

11. 2026-2029 കാലയളവിലേക്ക് താഴെപറയുന്ന സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

| *നമ്പർ* | *സ്ഥാനം* | *എണ്ണം* |
|---|---|---|
| 1 | സഭാ സെക്രട്ടറി | 1 |
| 2 | വൈദിക ട്രസ്റ്റി | 1 |
| 3 | അത്മായ ട്രസ്റ്റി & ഖജാൻജി | 1 |
| 4 | വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി | |
| | (i) വൈദികർ | 5 |
| | (ii) അത്മായർ | 8 |

വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ പ്രസിഡന്റ്, സഭാ സെക്രട്ടറി, സീനിയർ വികാരി ജനറൽ, മാർത്തോമ്മാ വൈദിക സെമിനാരി പ്രിൻസിപ്പൽ എന്നിവർ എക്സ്–ഒഫീഷ്യോ അംഗങ്ങൾ (Ex-Officio Members)

ആയിരിക്കും. ധർമ്മജ്യോതി വിദ്യാപീഠ് സെമിനാരി പ്രിൻസിപ്പൽ വോട്ടവകാശമില്ലാത്ത സ്ഥിരം ക്ഷണിതാവും ആയിരിക്കും.

12. പ്രസ്തുത തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച എല്ലാ കാര്യങ്ങളും മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിലും വരണാധികാരികളുടെ ചുമതലയിലും ആയിരിക്കും. മെത്രാപ്പോലീത്താ അപ്പലേറ്റ് അതോറിറ്റിയും ആയിരിക്കുന്നതാണ്.

13. തെരഞ്ഞെടുപ്പു സംബന്ധിച്ച് ക്രമീകരണങ്ങൾ ചെയ്യുന്നതിനും മെത്രാപ്പോലീത്തായുടെ തീരുമാനങ്ങൾക്ക് വിധേയമായി നിർദ്ദേശങ്ങൾ നൽകുന്നതിനും അഭി. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ, അഭി. ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ എന്നിവരെ വരണാധികാരികളായി നിയമിച്ചിരിക്കുന്നു. ആവശ്യാനുസരണം സഹവരണാധികാരികളെയും നിയമിക്കാവുന്നതാണ്. മെത്രാപ്പോലീത്തായുടെ തീരുമാനത്തിനു വിധേയമായി തെരഞ്ഞെടുപ്പ് സംബന്ധമായ നിർദ്ദേശങ്ങൾ നൽകുന്നതിനും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും വരണാധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. നാമനിർദ്ദേശ പത്രികകൾ 2026 ജൂൺ 25–ാം തീയതി വ്യാഴാഴ്ച 1.00 പി.എം. –ന് മുൻപായി സഭാ ഓഫീസിൽ ലഭിച്ചിരിക്കണം. അതിനുശേഷം ലഭിക്കുന്ന പത്രികകൾ സ്വീകരിക്കുന്നതല്ല. നാമനിർദ്ദേശ പത്രിക നേരിട്ട് നൽകുവാൻ സാധിക്കാത്തവർ സഭാ ഓഫീസിൽ അവരവർ സമർപ്പിച്ചിട്ടുള്ള **B(5)** ഫോമിൽ നൽകിയിട്ടുള്ള ഇ–മെയിലിൽ നിന്നും നാമനിർദ്ദേശ പത്രികകൾ ***mandalam@marthoma.in*** ലേക്ക് അയക്കാവുന്നതാണ്. സഭയുടെ മറ്റ് ഇ–മെയിലുകളിലേക്ക് അയയ്ക്കുന്നത് സ്വീകരിക്കുന്നതല്ല.

15. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അന്നേ ദിവസം 2.00 പി.എം. –ന് സഭാ ഓഫീസിൽ വരണാധികാരികളുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്. സൂക്ഷ്മപരിശോധനയ്ക്ക് ശേഷം സ്വീകരിക്കപ്പെടുന്ന സ്ഥാനാർത്ഥികളുടെ പേരുകൾ അന്നുതന്നെ വൈകിട്ട് 5.00 മണിക്ക് സഭാ ഓഫീസിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

16. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള അവസാന സമയം 2026 ജൂൺ 30–ാം തീയതി ചൊവ്വാഴ്ച 4.00 പി.എം. വരെ ആയിരിക്കും.

17. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമ രൂപത്തിൽ 2026 ജൂൺ 30–ാം തീയതി ചൊവ്വാഴ്ച 5.00 പി.എം.–ന് സഭാ ഓഫീസിലും സഭയുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.

18. കേരളത്തിലെ 8 ഭദ്രാസനങ്ങളിൽ നിന്നുള്ള **സഭാ കൗൺസിൽ** അംഗങ്ങളുടെ തെരഞ്ഞെടുപ്പിനോടൊപ്പം **സഭാ സെക്രട്ടറി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി & ഖജാൻജി, വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി** എന്നീ സ്ഥാനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പും നടത്തുന്നതാണ്. പൊതു തെരഞ്ഞെടുപ്പിന് ആവശ്യമായ ബാലറ്റ് പേപ്പർ, ബാലറ്റ് പെട്ടികൾ, വോട്ടേഴ്സ് ലിസ്റ്റ് ആദിയായ പോളിംഗ് സാമഗ്രികൾ സഭാ ഓഫീസിൽ നിന്ന് അതാത് ഭദ്രാസന കേന്ദ്രങ്ങളിൽ എത്തിക്കുന്നതും, ഭദ്രാസന എപ്പിസ്കോപ്പായുടെ ചുമതലയിൽ തെരഞ്ഞെടുപ്പ് നടത്തി സീൽ ചെയ്ത ബാലറ്റ് പെട്ടികളും അനുബന്ധ സാമഗ്രികളും എത്രയും വേഗം ഭദ്രാസനത്തിന്റെ ചുമതലയിൽ പുലാത്തീനിൽ മെത്രാപ്പോലീത്തായെ ഏൽപ്പിക്കേണ്ടതുമാണ്.

19. കേരളത്തിനു വെളിയിലുള്ള ഭദ്രാസനങ്ങളിൽ പോസ്റ്റൽ ബാലറ്റ് വഴി തെരഞ്ഞെടുപ്പ് നടത്തുന്നതിനാണ് ക്രമീകരണം ചെയ്യുന്നത്. കേരളത്തിനു പുറത്തുള്ള മണ്ഡലാംഗങ്ങൾക്ക് 2026 ജൂലൈ 18–ാം തീയതി ശനിയാഴ്ചയ്ക്കു മുമ്പ് ബാലറ്റ് പേപ്പറും നിർദ്ദേശങ്ങളും രജിസ്റ്റേർഡ് തപാൽ/കൊറിയർ സർവ്വീസ്/സ്പീഡ് പോസ്റ്റ് ആയി അയയ്ക്കുന്നതാണ്. വരണാധികാരി അയച്ചു തരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് മണ്ഡലാംഗങ്ങൾ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ 2026 ആഗസ്റ്റ് 22–ാം തീയതി ശനിയാഴ്ച 5.00 പി.എം.–ന് മുമ്പായി ലഭിക്കത്തക്കവിധം രജിസ്റ്റേർഡ് തപാൽ/കൊറിയർ സർവ്വീസ്/സ്പീഡ് പോസ്റ്റ് ആയി വരണാധികാരിയുടെ പേർക്ക് പുലാത്തീൻ ഓഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ബാലറ്റ് പേപ്പർ സ്വീകരിക്കുന്നതല്ല.

20. 2026 ആഗസ്റ്റ് 29–ാം തീയതി ശനിയാഴ്ച 2.30 പി.എം. മുതൽ മെത്രാപ്പോലീത്തായുടെ ചുമതലയിലും വരണാധികാരികളുടെ മേൽനോട്ടത്തിലും തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുന്നതും തുടർന്ന് ഫലം പ്രഖ്യാപിക്കുന്നതുമായിരിക്കും

## സഭാ കൗൺസിൽ തെരഞ്ഞെടുപ്പ്

21. സഭാ കൗൺസിലിലേക്ക് ഭദ്രാസന അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരിൽ, കുറഞ്ഞത്. അൻപത് ശതമാനം പുതിയ അംഗങ്ങൾ ആയിരിക്കണം. (അഞ്ച് പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് മൂന്ന് അംഗങ്ങളും നാലു പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് രണ്ട് അംഗങ്ങളും മൂന്നു പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് രണ്ട് അംഗങ്ങളും പുതിയ അംഗങ്ങൾ ആയിരിക്കണം. ഒരാൾ മാത്രമാണെങ്കിൽ ആ അംഗം പുതിയതായിരിക്കണം)

22. ഗൾഫ് റീജിയനും, മലേഷ്യ–സിംഗപ്പൂർ–ആസ്ട്രേലിയ–ന്യൂസിലാൻഡ് ഭദ്രാസനവും ഒഴികെയുള്ള മറ്റെല്ലാ ഭദ്രാസനങ്ങളിൽ നിന്നും ഒരു പട്ടക്കാരനും അത്മായ പ്രതിനിധികളായി ഒരു പുരുഷനും ഒരു സ്ത്രീയും തെരഞ്ഞെടുക്കപ്പെടുന്നതാണ്. നാലോ അതിലധികമോ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടേണ്ട ഭദ്രാസനങ്ങളിൽ നാലാമത്തെ അംഗം ശേഷിക്കുന്ന അത്മായ സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന ആളും, അഞ്ചാമത്തെ അംഗം പട്ടക്കാരും, അത്മായരും ഉൾപ്പെടെ ശേഷിക്കുന്ന സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന ആളും ആയിരിക്കും.

23. സഭയുടെ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി സഭാംഗങ്ങളായി ചേർന്നിട്ടുള്ളവരിൽ നിന്നും സഭാ കൗൺസിലിലേക്ക് അഞ്ച് പേരെങ്കിലും തെരഞ്ഞെടുക്കപ്പെടുന്നില്ലെങ്കിൽ, ഈ വിഭാഗം മണ്ഡലാംഗങ്ങളിൽ നിന്നും അഞ്ച് പേർ സഭാ കൗൺസിലിൽ ഉണ്ടാകത്തക്കവണ്ണം, ഏറ്റവും കൂടുതൽ ശതമാനം വോട്ടു ലഭിച്ച വ്യക്തിയെയോ, വ്യക്തികളെയോ, ഒരു ഭദ്രാസനത്തിൽ നിന്നും ഒന്നിൽ കൂടാത്തവണ്ണം മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യുന്നതാണ്. അവരിൽ രണ്ടു പേർ സ്ത്രീകളായിരിക്കും.

24. ഭദ്രാസനങ്ങളിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിന്റെ പൂർണ്ണ ചുമതല അതത് ഭദ്രാസന അദ്ധ്യക്ഷന്മാരിൽ നിക്ഷിപ്തമായിരിക്കും. തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി ഭദ്രാസന അദ്ധ്യക്ഷൻ ഒരു വരണാധികാരിയെ നിയമിക്കുന്ന പക്ഷം അദ്ദേഹം ഭദ്രാസന അദ്ധ്യക്ഷന്റെ തീരുമാനത്തിനും സഭാ ഭരണഘടനയ്ക്കും വിധേയമായി തെരഞ്ഞെടുപ്പ് സംബന്ധമായ എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതാണ്. പ്രസ്തുത തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള ഇതര നിർദ്ദേശങ്ങൾ അതതു ഭദ്രാസന അദ്ധ്യക്ഷന്മാർ അറിയിക്കുന്നതും മെത്രാപ്പോലീത്താ അപ്പലേറ്റ് അതോറിറ്റി ആയിരിക്കുന്നതുമാണ്.

25. ഭദ്രാസനങ്ങളിലെ അത്മായ മണ്ഡലാംഗങ്ങളുടെ ആകെ സംഖ്യ കണക്കാക്കുന്നത്, ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടാവുന്നവരും, മെത്രാപ്പോലീത്തായാൽ മണ്ഡലത്തിലേക്ക് നോമിനേറ്റ് ചെയ്യപ്പെടുന്നവരും അംഗീകൃത സംഘടനകളുടെ പ്രതിനിധികളും ഉൾപ്പെടുന്നതായിരിക്കും.

26. മെത്രാപ്പോലീത്തായാൽ നോമിനേറ്റ് ചെയ്യപ്പെടുന്നവരും അംഗീകൃത സംഘടനകളുടെ പ്രതിനിധികളും അവരവർ ഉൾപ്പെടുന്ന ഇടവകകൾ സ്ഥിതി ചെയ്യുന്ന ഭദ്രാസനങ്ങളിലെ അംഗങ്ങളായിരിക്കും.

27. സഭാ കൗൺസിൽ തെരഞ്ഞെടുപ്പ് ബാലറ്റ് പേപ്പർ തയ്യാറാക്കുമ്പോൾ വൈദികർ, അത്മായർ (സ്ത്രീകൾ). അത്മായർ (പുരുഷന്മാർ) എന്നിങ്ങനെ പ്രത്യേകം തരംതിരിക്കാതെ ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ പേരുകൾ അച്ചടിക്കുന്നതാണ്.

28. ഭരണഘടന 164(1) (a) അനുസരിച്ച് ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട കൗൺസിൽ അംഗങ്ങളുടെ സംഖ്യ താഴെപ്പറയും പ്രകാരം അന്തിമമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

| *നമ്പർ* | *ഭദ്രാസനം* | *ആകെ അത്മായ അംഗങ്ങൾ* | *തെരഞ്ഞെടുക്കപ്പെടേണ്ട കൗൺസിൽ അംഗങ്ങളുടെ എണ്ണം* |
|---|---|---|---|
| 1 | നിരണം – മാരാമൺ | 88 | 4 |
| 2 | ചെങ്ങന്നൂർ – മാവേലിക്കര | 86 | 4 |
| 3 | റാന്നി – നിലയ്ക്കൽ | 121 | 5 |
| 4 | നോർത്ത് അമേരിക്ക | 66 | 3 |
| 5 | കൊട്ടാരക്കര – പുനലൂർ | 86 | 4 |
| 6 | അടൂർ | 78 | 4 |
| 7 | തിരുവനന്തപുരം – കൊല്ലം | 73 | 3 |
| 8 | ചെന്നൈ – ബാംഗ്ലൂർ | 54 | 3 |
| 9 | ഡൽഹി | 34 | 3 |
| 10 | കോട്ടയം – കൊച്ചി | 103 | 5 |
| 11 | കുന്നംകുളം – മലബാർ | 60 | 3 |
| 12 | മുംബൈ | 49 | 3 |
| 13 | യു.കെ.–യൂറോപ്പ്–ആഫ്രിക്ക | 24 | 3 |
| 14 | മലേഷ്യ–സിംഗപ്പൂർ – ആസ്ട്രേലിയ–ന്യൂസിലൻഡ് | 19 | 1 |
| 15 | ഗൾഫ് റീജിയൻ | 30 | 1 |

29. സഭാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ഹർജികൾ പ്രസ്തുത തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം നടത്തി പത്തു ദിവസത്തിനകം സഭാ ഓഫീസിൽ, സഭാ സെക്രട്ടറിയുടെ മുമ്പാകെയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ആളിന്റെ മുമ്പാകെയോ സമർപ്പിക്കാവുന്നതാണ്.

30. ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെപ്പറ്റിയുള്ള തെരഞ്ഞെടുപ്പ് ഹർജി അതാത് ഭദ്രാസനത്തിലെ പ്രസ്തുത തെരഞ്ഞെടുപ്പിലെ മണ്ഡലാംഗങ്ങൾക്ക് മാത്രമേ സമർപ്പിക്കുന്നതിന് അവകാശമുണ്ടായിരിക്കുകയുള്ളൂ.

## <u>കേരളത്തിന് പുറത്തുള്ള ഭദ്രാസനങ്ങളിൽ നിന്നും സഭാ കൗൺസിലിലേക്ക് നടത്തപ്പെടുന്ന തെരഞ്ഞെടുപ്പ്</u>

31. ഡൽഹി, മുംബൈ, ചെന്നൈ – ബാംഗ്ലൂർ, മലേഷ്യ – സിംഗപ്പൂർ – ആസ്ട്രേലിയ – ന്യൂസിലൻഡ്, നോർത്ത് അമേരിക്ക, യു.കെ.–യൂറോപ്പ്–ആഫ്രിക്ക എന്നീ ഭദ്രാസനങ്ങളിൽ നിന്നുള്ള തെരഞ്ഞെടുപ്പ്, സൗകര്യാർത്ഥം, പോസ്റ്റൽ ബാലറ്റ് മുഖേന മെത്രാപ്പോലീത്തായുടെ അനുമതിയോടെ അതത് ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലയിൽ നടത്തപ്പെടുന്നതാണ്.

32. ഗൾഫ് മേഖലയിൽ നിന്നുള്ള തെരഞ്ഞെടുപ്പ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ പോസ്റ്റൽ ബാലറ്റ് മുഖേന നടത്തപ്പെടുന്നതാണ്. ഇവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി മറ്റൊരു കല്പന അയയ്ക്കുന്നതാണ്.

33. ഭദ്രാസനാടിസ്ഥാനത്തിൽ നടത്തുന്ന സഭാ കൗൺസിൽ തെരഞ്ഞെടുപ്പിന്റെ വോട്ടുകൾ അതത് ഭദ്രാസന കേന്ദ്രങ്ങളിൽ എണ്ണി ഫലം പ്രഖ്യാപിക്കുന്നതും, അത് ഭദ്രാസനാഫീസിൽ പ്രസിദ്ധപ്പെടുത്തുന്നതും,

ഒരാഴ്ചയ്ക്കകം മെത്രാപ്പോലീത്തായ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമാണ്. ഇത് സഭാ സെക്രട്ടറി പൊതു മണ്ഡലത്തിൽ പ്രസ്താവിക്കുന്നതും ആയത് മണ്ഡലയോഗ മിനിറ്റ്സിൽ രേഖപ്പെടുത്തുന്നതുമാണ്.

34. ഭദ്രാസനത്തിൽ നിന്നും സഭാ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പിൽ നിർദ്ദേശകനും അനുവാദകനും അതാത് ഭദ്രാസനത്തിൽ/മേഖലയിൽപ്പെട്ട മണ്ഡലാംഗങ്ങൾ തന്നെയായിരിക്കണം.

## കേരളത്തിലെ ഭദ്രാസനങ്ങളിൽ നിന്നും സഭാ കൗൺസിലിലേക്ക് നടത്തപ്പെടുന്ന തെരഞ്ഞെടുപ്പ്

35. കേരളത്തിലെ ഭദ്രാസനങ്ങളിലെ തെരഞ്ഞെടുപ്പ് അതത് ഭദ്രാസനങ്ങൾ നിശ്ചയിക്കുന്ന സ്ഥലത്ത് 2026 ആഗസ്റ്റ് 8–ാം തീയതി ശനിയാഴ്ച നടത്തേണ്ടതാണ്. പ്രസ്തുത തീയതിയ്ക്ക് വ്യത്യാസമുള്ളപക്ഷം മെത്രാപ്പോലീത്തായുടെ അനുവാദം മുൻകൂട്ടി വാങ്ങിയിരിക്കേണ്ടതാണ്.

36. നാമനിർദ്ദേശ പത്രികകൾ നിർദ്ദിഷ്ട ഫോറത്തിൽ 2026 ജൂലൈ 7–ാം തീയതി ചൊവ്വാഴ്ച 1.00 പി.എം.–ന് മുമ്പായി അതത് ഭദ്രാസന ഓഫീസുകളിൽ ലഭിച്ചിരിക്കണം. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അന്നേ ദിവസം 2.00 പി.എം–ന് അതത് ഭദ്രാസന ഓഫീസുകളിൽവെച്ച് അതത് വരണാധികാരികളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നതും സ്വീകരിക്കപ്പെടുന്ന പേരുകൾ അന്നുതന്നെ വൈകിട്ട് 5.00 മണിക്ക് അതത് ഭദ്രാസന ഓഫീസുകളിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

37. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാനുള്ള അവസാന സമയം 2026 ജൂലൈ 14–ാം തീയതി ചൊവ്വാഴ്ച 4.00 പി.എം. വരെ ആയിരിക്കുന്നതാണ്. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമ രൂപത്തിൽ 2026 ജൂലൈ 14–ാം തിയതി ചൊവ്വാഴ്ച 5.00 പി.എം. –ന് അതത് ഭദ്രാസന ഓഫീസുകളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഈ തെരഞ്ഞെടുപ്പുകൾ ദൈവനാമ മഹത്വത്തിനായും സഭയുടെ കെട്ടുപണിക്കായും ഭവിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 മെയ് 15– ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 186**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

Our Sabha Prathinidhi Mandalam is the platform in which decisions to help the Church continue its mission efficiently are made. As announced through the Sabha Tharaka, this year's Sabha Prathinidhi Mandalam meeting will be held on August 27,28,29 (Thursday, Friday, Saturday). The Sabha Secretary will send the official notice along with the Admission Ticket of the said Sabha Prathinidhi Mandalam to be held at Dr. Alexander Mar Thoma Valiya Metropolitan Memorial Auditorium, Thiruvalla.

The stipulated rules for conducting the elections at the Diocesan level and through postal ballots are stated below:

## GENERAL INSTRUCTIONS

1. Mandalam members must fulfill their duty prayerfully as the election is a serious responsibility which requires utmost vigilance.
2. Those who are elected must be faithful to God, good in conduct, prepared to take part in the mission of the Church, and willing to spend time for the same.
3. The Voters List, incorporating the names of the Mandalam members received until 5.00 PM on Monday, June 1, 2026, will be published at the Sabha Office, and its relevant sections based on each Diocese will be published at the respective Diocesan Offices, on Monday June 8, 2026 at 5.00 PM.
4. Complaints, if any, about the Voters List must be brought to the notice of the Metropolitan through the respective Diocesan Episcopas before 5.00 PM on Thursday, June 11, 2026. The decision of the Metropolitan will be final.
5. After necessary action on complaints, the final Voters List will be published at the Sabha Office and Sabha website, and its relevant sections at the respective Diocesan Offices on Monday, June 15, 2026 at 5.00 PM.
6. Copies of the Voters list can be purchased from the Sabha/Diocesan Offices.
7. All entries in the nomination forms such as the names of the candidates, names of the proposers and supporters, as well as their Register numbers and parishes, must be entered as they are in the Voters List.
8. Format of the Nomination form is attached with this circular
9. If there are no more candidates than the total number of members to be elected, the Returning Officer shall declare the nominated candidates as elected, subject to Section 164(4) of the Sabha Constitution.
10. If there are more candidates than the total number of members to be elected, the names of all the candidates shall be printed in Malayalam and English on the ballot paper in the English alphabetical order and the election shall be conducted.

## GENERAL ELECTIONS

11. Elections shall be conducted for the following positions for the period 2026-2029.

| No. | Office | Posts |
|---|---|---|
| 1 | Sabha Secretary | 1 |
| 2 | Clergy Trustee | 1 |
| 3 | Lay Trustee & Treasurer | 1 |
| 4 | Vaideeka Selection Committee: | |

| | | |
|---|---|---|
| | (i) Clergy | 5 |
| | (ii) Laypeople | 8 |

In the Vaidika Selection Committee, the President, the Sabha Secretary, the Senior Vicar General, and the Principal of the Mar Thoma Theological Seminary shall be ex-officio members. The Principal of Dharma Jyoti Vidya Peeth Seminary shall be a Special Invitee without voting rights.

12. All these elections will be conducted under the supervision of the Metropolitan and the responsibility of the Returning Officers. The Metropolitan will be the appellate authority.

13. Rt. Rev. Thomas Mar Timotheos Episcopa and Rt. Rev. Dr. Isaac Mar Philoxenos Episcopa are appointed as Returning Officers to organize the election procedures and give instructions in conformity with the decisions of the Metropolitan. Co-Returning Officers will be appointed if necessary. The Returning Officers will have the authority to give instructions and take decisions regarding the elections subject to the decisions of the Metropolitan.

14. Nomination forms must be received at the Sabha Office before 1.00 PM on Thursday, June 25, 2026. Nominations received after the deadline will not be accepted. Those who are not able to submit the nomination forms directly can send the nomination forms to mandalam@marthoma.in from their respective e-mail ID submitted in the form B(5) to the Sabha Office. Sending to other e-mail addresses of the Church will not be accepted.

15. Scrutiny of the nomination forms will be conducted at 2.00 PM on the same day at the Sabha Office under the supervision of the Returning Officers. After scrutiny, the list of accepted candidates will be published at the Sabha Office at 5.00 PM on the same day.

16. The deadline for withdrawal of nomination forms will be until 4.00 PM on Tuesday, June 30, 2026.

17. The complete and final list of candidates will be published at 5.00 PM on Tuesday June 30, 2026 at the Sabha Office and on the Sabha website.

18. Along with the election of the **Sabha Council** members from eight Dioceses within Kerala, the general election to the positions of the **Sabha Secretary, Clergy Trustee, Lay Trustee & Treasurer, and Vaidika Selection Committee** will be held. The required Ballot papers, Ballot Boxes, Voters list, and other materials for the general election will be provided by the Sabha Office to the respective Diocesan Offices. After polling is conducted under the supervision of the Diocesan Bishops, the sealed ballot boxes and associated materials shall be handed over without delay to the Metropolitan at Poolatheen.

19. For Dioceses outside Kerala, the election is arranged to be held through postal ballots. For the Mandalam members outside Kerala, the Ballot paper and instructions will be sent by Saturday, July 18, 2026, by Registered Post/Courier Service/Speed Post. Mandalam members shall cast their votes according to the instructions provided by the Returning Officers and shall return the Ballots before 5.00 PM on Saturday, August 22, 2026 to the Returning Officers at the Poolatheen Office by Registered Post/Courier Service/Speed Post. Ballot papers received after the stipulated time will not be accepted.

20. Counting of votes will be done on Saturday, August 29, 2026, from 2.30 PM at the Dr. Alexander Mar Thoma Valiya Metropolitan Memorial Auditorium under the supervision of the Returning Officers and the results declared afterwards.

## SABHA COUNCIL ELECTION

21. A minimum of fifty percent of members elected from the Diocesan level to the Sabha Council shall be new members. (From Dioceses entitled to elect five members, three members shall be new; from Dioceses entitled to elect four members, two members shall be new; from Dioceses entitled to elect three members, two members shall be new; and from Dioceses entitled to elect one member, that person shall be new).

22. Except for the Gulf Region, Diocese of Malaysia-Singapore-Australia-New Zealand, from all other Dioceses, one clergy, and as lay representatives, one layman and one laywoman shall be elected. From those Dioceses entitled to elect four or more members, the fourth member shall be the layperson who has secured the most votes among the remaining lay candidates and the fifth member shall be the layperson who has secured the most votes from among the remaining clergy and lay candidates.

23. From those who have become members of the Church as a result of its Missionary work, if at least five candidates do not get elected to the Sabha Council, then to include five members from the said category, the Metropolitan will nominate adequate number of candidates based on the highest percentage of votes polled by them, but so that not more than one person shall be nominated from one Diocese. Among them two will be women.

24. The full responsibility of the elections conducted at each Diocese rests with the respective Diocesan Bishops. If a Diocesan Bishop appoints a Returning Officer, that person shall execute all the functions related to the conduct of elections in accordance with the decisions of the Diocesan Bishop subject to the Sabha Constitution. The respective Diocesan Bishops will communicate other instructions related to the electoral process, and the Metropolitan will be the appellate authority.

25. The total number of Lay Mandalam members from each Diocese is calculated by including the number of members to be elected from parishes, members nominated by the Metropolitan, and members representing recognized organizations.

26. Members nominated by the Metropolitan and members elected from the recognized organizations will be members of the Dioceses to which their parishes belong.

27. While preparing the ballot paper for the election of the Sabha Council, the names shall be printed in the English alphabetical order without being separately classified as Clergy, Lay Members (Female) and Lay Members (Male).

28. As per Section 164 (1)(a) of the Constitution, the number of Council members to be elected from different Dioceses is regulated as follows:

| **Sl. No** | **Diocese** | **Total Lay Members** | **Council Members to be Elected** |
|---|---|---|---|
| 1 | Niranam-Maramon | 88 | 4 |
| 2 | Chengannur-Mavelikkara | 86 | 4 |
| 3 | Ranni-Nilackal | 121 | 5 |
| 4 | North America | 66 | 3 |
| 5 | Kottarakkara-Punalur | 86 | 4 |
| 6 | Adoor | 78 | 4 |
| 7 | Thiruvananthapuram-Kollam | 73 | 3 |
| 8 | Chennai-Bangalore | 54 | 3 |
| 9 | Delhi | 34 | 3 |
| 10 | Kottayam-Kochi | 103 | 5 |
| 11 | Kunnamkulam-Malabar | 60 | 3 |
| 12 | Mumbai | 49 | 3 |
| 13 | UK- Europe-Africa | 24 | 3 |
| 14 | Malaysia-Singapore-Australia-New Zealand | 19 | 1 |
| 15 | Gulf Region | 30 | 1 |

29. Election petitions regarding the election of Sabha Council members may be submitted at the Sabha Office within ten days from the declaration of the election results, either before the Sabha Secretary or before a person authorized by him.

30. Election petitions concerning members elected from the Dioceses may be submitted only by the Mandalam members of the respective Diocese in that particular election.

## SABHA COUNCIL ELECTION
## CONDUCTED FROM THE DIOCESES OUTSIDE KERALA

31. For the sake of convenience, the election of Council members from the Dioceses of Delhi, Mumbai, Chennai-Bangalore, Malaysia-Singapore-Australia-New Zealand, North America, UK- Europe-Africa shall be held through postal ballot under the responsibility of the Diocesan Bishops with the permission of the Metropolitan.

32. The election from the Gulf Region will be conducted under the responsibility of the Metropolitan through postal ballots. Another circular containing the details of these matters will be issued separately.

33. After counting of votes and declaration of the results of the Sabha Council election conducted at each Diocese, the results shall be published at the respective Diocesan Office, and shall be reported to the Metropolitan within one week. The Sabha Secretary shall announce the same at the Mandalam meeting and it shall be recorded in the minutes of the meeting.

34. In the election to the Sabha council from the Dioceses, the proposer and the supporter shall be Mandalam members from the respective Diocese/Region.

## SABHA COUNCIL ELECTION
## CONDUCTED FROM THE DIOCESES WITHIN KERALA

35. The election to the Sabha Council from the Dioceses within Kerala shall be conducted on Saturday, August 8, 2026, at the place to be determined by the respective Dioceses. If there is a change in the date of election, permission shall be taken from the Metropolitan.

36. Nomination papers in the prescribed form shall be received at the respective Diocesan Offices by 1.00 PM on Tuesday, July 7, 2026. Scrutiny of the nomination forms will be held at 2.00 PM on the same day under the supervision of the Returning Officers and the names of approved candidates will be published at the respective Diocesan Offices at 5.00 PM on the same day.

37. The deadline for withdrawal of nomination forms will be until 4.00 PM on Tuesday, July 14, 2026. The complete and final list of candidates will be published at 5.00 PM on Tuesday, July 14, 2026 at the respective Diocesan Offices.

Let us pray that these elections may bring glory to God's name and for the edification of the Church.

Grace be with you all.

Dated 15th May 2026 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## സഭാ പ്രതിനിധി മണ്ഡലം

## നാമനിർദ്ദേശ പത്രിക

**തെരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനം:** ..................................................................................................

| **സ്ഥാനാർത്ഥിയുടെ പേരും മേൽവിലാസവും** | സ്ത്രീ/ പുരുഷൻ | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| --- | --- | --- | --- | --- | --- |
| | | | | | |
| **നിർദ്ദേശകന്റെ പേരും മേൽവിലാസവും** | സ്ത്രീ/ പുരുഷൻ | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| | | | | | |
| **അനുവാദകന്റെ പേരും മേൽവിലാസവും** | സ്ത്രീ/ പുരുഷൻ | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| | | | | | |

**മേൽപറഞ്ഞസ്ഥാനത്തേക്ക് സ്ഥാനാർത്ഥിയാകുന്നതിന് ഞാൻ സമ്മതിച്ചിരിക്കുന്നു.**

സ്ഥാനാർത്ഥിയുടെ പേര്: ഒപ്പ്:

മേൽവിലാസം

സ്ഥലം:
തീയതി:

---

***നോട്ട്:*** *1) വോട്ടേഴ്സ് ലിസ്റ്റിലുള്ള പേരും രജിസ്റ്റർ നമ്പറും ആയിരിക്കണം ഫോമിൽ നൽകേണ്ടത്.*
*2) ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശ പത്രികകൾ കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ സ്ഥാനത്തേക്കും പ്രത്യേകം പ്രത്യേകം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ടതാണ്.*

**Malankara Mar Thoma Syrian Church**
Sabha Prathinidhi Mandalam
**Nomination Form**

**Name of the Post** ..........................................................................

| Name and address of Candidate | Male/ Female | Register Number | Parish | Diocese | Signature |
|---|---|---|---|---|---|
| | | | | | |
| **Name and address of Proposer** | **Male/ Female** | **Register Number** | **Parish** | **Diocese** | **Signature** |
| | | | | | |
| **Name and address of the Supporter** | **Male/ Female** | **Register Number** | **Parish** | **Diocese** | **Signature** |
| | | | | | |

**I agree to be a candidate for the above mentioned office.**

Name of Candidate: Signature:
Address:

Place:
Date:

---

*Note: 1) The name and register number entered in the form must be the same as that in the Voters list.*
*2) Those who wish to contest for more than one position must submit separate nomination papers for each office.*